entri

# 10th LEVEL

# Preliminary Examination

## STAGE III



ANSWER KEY 01 AUG 2026

Maximum : 100 marks

Time : 1 മണിക്കൂർ 15 മിനിട്ട്

1. അയ്യാവഴി എന്നറിയപ്പെടുന്നത് വിശ്വാസ സമ്പ്രദായത്തിന്റെ സ്ഥാപകൻ :
   (A) ഇ.വി. രാമസ്വാമി
   (B) വൈകുണ്ഠ സ്വാമികൾ
   (C) ചട്ടമ്പി സ്വാമികൾ
   (D) തൈക്കാട് അയ്യാസ്വാമി

2. അഭിനവ കേരളം മാസിക പ്രസിദ്ധീകരിച്ച സാമൂഹ്യപരിഷ്കർത്താവ് :
   (A) വക്കം അബ്ദുൾ ഖാദർ മൗലവി
   (B) ചട്ടമ്പി സ്വാമി
   (C) ശ്രീനാരായണഗുരു
   (D) വാഗ്ഭടാനന്ദൻ

3. 1818 കൊച്ചിയിൽ ആദ്യത്തെ ഇംഗ്ലീഷ് മീഡിയം സ്കൂൾ സ്ഥാപിച്ച മിഷണറി :
   (A) ഡൗസൻ
   (B) ബഞ്ചമിൻ ബെയ്‌ലി
   (C) ഗുണ്ടർട്ട്
   (D) അർണോസ് പാതിരി

4. കേരളത്തിലെ ആദ്യത്തെ സമ്പൂർണ്ണ സ്വദേശീയ അച്ചടിശാല :
   (A) സി.എം.എസ്. പ്രസ്സ്
   (B) ബേസൽ മിഷൻ പ്രസ്സ്
   (C) സെന്റ് ജോസഫ് പ്രസ്സ്
   (D) ട്രാവൻകൂർ പ്രസ്സ്

5. ജലസംഭരണികളുടെ അവശിഷ്ടങ്ങൾ കണ്ടെത്തിയ സിന്ധുനദീതട നഗരം :
   (A) ഷോർട്ടുഗായ്
   (B) ചാൻഹുദാരോ
   (C) ധോളവീര
   (D) മോഹൻജോ ദാരോ

6. സി.ഇ. ഒന്നാം നൂറ്റാണ്ടിൽ നാണയങ്ങൾ പുറത്തിറക്കിയ ഇന്ത്യൻ ഗോത്ര റിപ്പബ്ലിക് :
   (A) പാഞ്ചാലം
   (B) യൗധേയർ
   (C) വജ്ജി
   (D) ഛേദി

7. ബ്രിട്ടീഷുകാർ രാജ്മഹൽ കുന്നിന്റെ താഴ്‌വരയിൽ സന്താളുകളെ അധിവസിപ്പിച്ച പ്രദേശം :

(A) ഹസാരിബാഗ്
(B) പഹാരിയ
(C) ദൽഭൂം
(D) ദാമിൻ കോഹ്

8. കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസ് ആരാണ്?

(A) സൗമൻ സെൻ
(B) കെ.ടി. കോശി
(C) നിധിൻ മധുകർ ജാംദാർ
(D) ആശിഷ് ജിതേന്ദ്ര ദേശായ്

9. 64-ാമത് കേരള സ്കൂൾ കലോത്സവത്തിൽ കിരീടം നേടിയ ജില്ല :

(A) പാലക്കാട്
(B) കോഴിക്കോട്
(C) കണ്ണൂർ
(D) തൃശ്ശൂർ

10. 2025-ലെ ഓടക്കുഴൽ പുരസ്കാരം നേടിയ വ്യക്തി :

(A) ഇ.വി. രാമകൃഷ്ണൻ
(B) ഇ.പി. രാജഗോപാലൻ
(C) എൻ. പ്രഭാകരൻ
(D) അംബികാസുതൻ മാങ്ങാട്

11. ഥാർ മരുഭൂമിയുടെ കിഴക്കൻ ഭാഗം ഒരു അർധ വരണ്ട സമതലമാണ്. ഈ പ്രദേശം അറിയപ്പെടുന്നത് :

(A) മരുസ്ഥലി
(B) രാജസ്ഥാൻ ബാഗർ
(C) ടെറായ്
(D) ധ്രിയാൻ

12. താഴെത്തന്നിരിക്കുന്നവയിൽ ഇന്ത്യൻ ഉപഭൂഖണ്ഡത്തിൽ ഉൾപ്പെടാത്ത രാജ്യം ഏത്?

(A) പാക്കിസ്ഥാൻ
(B) മാലിദ്വീപ്
(C) നേപ്പാൾ
(D) അഫ്ഗാനിസ്ഥാൻ

13. ചുവടെ കൊടുത്തിരിക്കുന്നവയിൽ ഒരു അലോഹ ധാതുവാണ് :

(A) മാഗ്നറ്റൈറ്റ്
(B) സിന്നബാർ
(C) മൈക്ക
(D) ബോക്സൈറ്റ്

14. ഉത്തരേന്ത്യൻ സമതലത്തിൽ കാണപ്പെടുന്ന പഴയ എക്കൽ നിക്ഷേപങ്ങൾ അറിയപ്പെടുന്നത് :

(A) ഭംഗർ
(B) ഭാബർ
(C) ഖാദർ
(D) ദോബ്

15. ഉയർന്ന പർവ്വത ചരിവുകളിൽ കാണപ്പെടുന്ന വേനൽക്കാല പുൽമേടുകളായ 'ബുഗ്യാൽ' ഉൾപ്പെടുന്ന ഹിമാലയ പർവ്വത മേഖല :

(A) ഹിമാചൽ ഹിമാലയം

(B) കാശ്മീർ ഹിമാലയം

(C) ഉത്തരാഖണ്ഡ് ഹിമാലയം

(D) കിഴക്കൻ ഹിമാലയം

16. താഴെത്തന്നിരിക്കുന്നവയിൽ അവശിഷ്ട പർവ്വതത്തിനുദാഹരണമാണ് :

(A) ഹിമാലയം

(B) ആരവല്ലി

(C) പശ്ചിമഘട്ടം

(D) കാറക്കോറം

17. സമ്പൂർണ്ണമായി സൗരോർജ്ജം ഉപയോഗിച്ച് പ്രവർത്തിക്കുന്ന ലോകത്തിലെ ആദ്യത്തെ വിമാനത്താവളം :

(A) ജോൺ എഫ്. കെന്നഡി അന്താരാഷ്ട്ര വിമാനത്താവളം

(B) കൊച്ചി അന്താരാഷ്ട്ര വിമാനത്താവളം

(C) ബീജിങ് ക്യാപിറ്റൽ അന്താരാഷ്ട്ര വിമാനത്താവളം

(D) ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളം

18. താഴെത്തന്നിരിക്കുന്നവയിൽ പടിഞ്ഞാറൻ തീരസമതലത്തിന്റെ സവിശേഷതകൾ ഏതെല്ലാം?

(i) ഉപദ്വീപീയ പീഠഭൂമിയ്ക്കും അറബിക്കടലിനുമിടയിൽ സ്ഥിതിചെയ്യുന്നു

(ii) ഇത് ഒരു ഉയർത്തപ്പെട്ട തീരസമതലമാണ്

(iii) തീരത്തോടടുത്ത് കായലുകൾ കാണപ്പെടുന്നു

(iv) നദികളുടെ നിക്ഷേപണ പ്രക്രിയ മൂലം ഡെൽറ്റകൾ രൂപം കൊള്ളുന്നു

(A) (i), (ii) ശരിയാണ്

(B) (ii), (iii) ശരിയാണ്

(C) (iii), (iv) ശരിയാണ്

(D) (i), (iii) ശരിയാണ്

19. ഇന്ത്യയിലെ നാല് പ്രധാന മെട്രോ നഗരങ്ങളായ ഡൽഹി, കൊൽക്കത്ത, മുംബൈ, ചെന്നൈ എന്നിവയെ തമ്മിൽ ബന്ധിപ്പിക്കുന്ന ദേശീയപാതാ ശൃംഖല :

(A) വടക്ക്-തെക്ക് ഇടനാഴി

(B) കിഴക്ക്-പടിഞ്ഞാറ് ഇടനാഴി

(C) സുവർണ്ണ ചതുഷ്കോണം

(D) ദേശീയപാത-66

20. കൃഷ്ണരാജസാഗർ നദീതട പദ്ധതി ഏത് നദിയിലാണ് സ്ഥിതിചെയ്യുന്നത്?

(A) കാവേരി
(B) മഹാനദി
(C) ഗോദാവരി
(D) നർമ്മദ

21. 'ഇന്ത്യ വിൻസ് ഫ്രീഡം' എന്ന പുസ്തകം രചിച്ചതാരാണ്?

(A) രവീന്ദ്രനാഥ ടാഗോർ
(B) മൗലാനാ അബ്ദുൾ കലാം ആസാദ്
(C) ലാലാ ലജ്പത് റായ്
(D) ഡോ. രാജേന്ദ്രപ്രസാദ്

22. സാർവ്വത്രിക പ്രായപൂർത്തി വോട്ടവകാശത്തിന്റെ അടിസ്ഥാനത്തിൽ ഇന്ത്യയിൽ തെരഞ്ഞെടുപ്പ് നടന്ന ആദ്യത്തെ പ്രദേശം :

(A) മണിപ്പൂർ
(B) പഞ്ചാബ്
(C) ഹൈദരാബാദ്
(D) ജുനഗഡ്

23. ഇന്ത്യയിൽ ഭാഷാടിസ്ഥാനത്തിൽ രൂപീകരിച്ച ആദ്യത്തെ സംസ്ഥാനം :

(A) രാജസ്ഥാൻ
(B) ഉത്തർപ്രദേശ്
(C) ഒറീസ്സ
(D) ആന്ധ്രാപ്രദേശ്

24. മഹാത്മാഗാന്ധി അധ്യക്ഷത വഹിച്ച ആദ്യത്തെ കോൺഗ്രസ്സ് സമ്മേളനം ഏത്?

(A) ലാഹോർ സമ്മേളനം
(B) ബെൽഗാം സമ്മേളനം
(C) കൽക്കട്ട സമ്മേളനം
(D) ബോംബെ സമ്മേളനം

25. ഇന്ത്യയിലെ നാട്ടുരാജ്യങ്ങളെ ഇന്ത്യൻ യൂണിയനോട് ലയിപ്പിക്കാൻ പ്രധാന പങ്കുവഹിച്ച നേതാവ് ആരാണ്?

(A) ജവഹർലാൽ നെഹ്റു
(B) മൗലാന ആസാദ്
(C) സർദാർ വല്ലഭായ് പട്ടേൽ
(D) ഡോ. ബി.ആർ. അംബേദ്കർ

26. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ പുന:സംഘടിപ്പിക്കുന്നതിനായി രൂപീകരിച്ച കമ്മീഷൻ ഏതാണ്?

(A) സർക്കാരിയ കമ്മീഷൻ
(B) സംസ്ഥാന പുന:സംഘടനാ കമ്മീഷൻ
(C) മണ്ഡൽ കമ്മീഷൻ
(D) കോത്താരി കമ്മീഷൻ

27. ഇന്ത്യൻ ദേശീയപ്രസ്ഥാനത്തിലെ "വന്ധ്യവയോധിക" എന്നറിയപ്പെടുന്നത് ആരാണ്?

(A) അരുണ അസഫലി

(B) അമൃതാ കൗർ രാജകുമാരി

(C) വിജയലക്ഷ്മി പണ്ഡിറ്റ്

(D) സരോജിനി നായിഡു

28. ഇന്ത്യൻ സ്വാതന്ത്ര്യസമരക്കാലത്ത് "ഗദർ പാർട്ടി" സ്ഥാപിതമായ വർഷം ഏതാണ്?

(A) 1921 (B) 1935

(C) 1916 (D) 1913

29. "നിങ്ങൾ എനിക്ക് രക്തം തരൂ. ഞാൻ നിങ്ങൾക്ക് സ്വാതന്ത്ര്യം തരാം". ആരുടെ വാക്കുകൾ?

(A) ഭഗത് സിംഗ്

(B) ലാലാ ലജ്പത് റായ്

(C) ബാലഗംഗാധർ തിലക്

(D) സുഭാഷ് ചന്ദ്രബോസ്

30. കേരളത്തിൽ ബ്രിട്ടീഷ് അധികാരത്തിനെതിരെ നടന്ന ആദ്യ കലാപം ഏത്?

(A) പാലിയം സത്യാഗ്രഹം (B) വയലാർ കലാപം

(C) ആറ്റിങ്ങൽ കലാപം (D) മലബാർ കലാപം

31. വിവരാവകാശ നിയമത്തിന്റെ പരിധിയിൽ വരാത്തത് തിരിച്ചറിയുക :

(A) സർക്കാർ പത്രകുറിപ്പുകൾ

(B) കോടതിയുടെ പരിഗണനയിലുള്ള വിഷയങ്ങൾ

(C) ഇലക്ട്രോണിക് രൂപത്തിൽ കൈവശം വച്ചിരിക്കുന്ന വിവരങ്ങൾ

(D) ഗവണ്മെന്റ് സർക്കുലറുകൾ

32. അന്താരാഷ്ട്ര വേദിയിൽ ഇന്ത്യയുടെ ത്രിവർണ്ണ പതാക ആദ്യമായി ഉയർത്തിയത് ആരാണ്?

(A) മാഡം ബിക്കാജി കാമ (B) ആനി ബസന്റ്

(C) സുരയ്യ ത്യാബ്ജി (D) സിസ്റ്റർ നിവേദിത

33. ജന-ഗണ-മന ഇന്ത്യയുടെ ദേശീയഗാനമായി അംഗീകരിച്ചത് എന്നാണ്?

(A) ജനുവരി 26, 1950 (B) ജനുവരി 23, 1950

(C) ജനുവരി 25, 1950 (D) ജനുവരി 24, 1950

34. ഒരു ഉദ്യോഗസ്ഥൻ അർഹതയില്ലാത്ത സ്ഥാനം വഹിക്കുന്നത് തടഞ്ഞുകൊണ്ട് കോടതി പുറപ്പെടുവിക്കുന്ന ഉത്തരവ് ഏതാണ്?

(A) ക്വോ വാറന്റോ
(B) മാൻഡമാസ്
(C) ഹേബിയസ് കോർപ്പസ്
(D) പ്രൊഹിബിഷൻ

35. ഇന്ത്യൻ ഭരണഘടനയുടെ ഹൃദയവും ആത്മാവുമെന്ന് ഡോ. ബി.ആർ. അംബേദ്കർ വിശേഷിപ്പിച്ചത് എന്തിനെയാണ്?

(A) ഭരണഘടനയുടെ ആമുഖം
(B) മൗലീക അവകാശങ്ങൾ
(C) നിർദ്ദേശക തത്വങ്ങൾ
(D) ഭരണഘടനാപരമായ പരിഹാരങ്ങൾക്കുള്ള അവകാശം

36. ഏത് ഭരണഘടനാ ഭേദഗതിയിലൂടെയാണ് വിദ്യാഭ്യാസത്തിനുള്ള അവകാശം മൗലീക അവകാശങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയത്?

(A) എഴുപത്തി ഒന്നാം ഭേദഗതി
(B) എൺപത്തി ആറാം ഭേദഗതി
(C) നാൽപത്തി രണ്ടാം ഭേദഗതി
(D) അറുപത്തി ഒൻപതാം ഭേദഗതി

37. മൗലീക കർത്തവ്യങ്ങളെ കുറിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രൂപീകൃതമായ കമ്മിറ്റി ഏതാണ്?

(A) സ്വരൺസിംഗ് കമ്മിറ്റി
(B) സർക്കാരിയ കമ്മീഷൻ
(C) രാജമന്നാർ കമ്മിറ്റി
(D) കേൽക്കർ കമ്മീഷൻ

38. സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളെ നിയമിക്കുന്നത് ആരാണ്?

(A) ഗവർണ്ണർ
(B) മുഖ്യമന്ത്രി
(C) സംസ്ഥാന അഭ്യന്തര മന്ത്രി
(D) രാഷ്ട്രപതി

39. മസ്ദൂർ കിസാൻ ശക്തി സംഘാതൻ ഏത് സംസ്ഥാനത്താണ് പ്രവർത്തിച്ചിരുന്നത്?

(A) ഗുജറാത്ത്
(B) മഹാരാഷ്ട്ര
(C) രാജസ്ഥാൻ
(D) ഹരിയാന

40. ഇന്ത്യയിൽ വിവരാവകാശ നിയമം നിലവിൽ വന്ന വർഷം ഏതാണ്?

(A) 2003
(B) 2005
(C) 2002
(D) 2004

41. അർജ്ജുന അവാർഡ് നേടിയ കെ.സി. ഏലമ്മയെക്കുറിച്ചുള്ള പ്രസ്താവനകളിൽ ശരിയായത് ഏതാണ്?

(i) അർജ്ജുന അവാർഡ് നേടിയ ആദ്യ മലയാളി വനിത

(ii) വോളിബോൾ കായിക ഇനത്തിൽ പ്രസിദ്ധമായി

(iii) അർജ്ജുന അവാർഡ് നേടിയ രണ്ടാം മലയാളി വനിത

(A) (i) മാത്രം ശരി

(B) (i) & (ii) ശരിയാണ്

(C) (i), (ii) & (iii) ശരിയാണ്

(D) ഇവ ഒന്നും ശരിയല്ല

42. നെഹ്റു ട്രോഫി വള്ളംകളിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവനകൾ ഏതൊക്കെയാണ്?

(i) വീയപുരം ചുണ്ടനാണ് നെഹ്റു ട്രോഫി നേടിയ ആദ്യത്തെ ചുണ്ടൻ വള്ളം

(ii) വീയപുരം ചുണ്ടനാണ് നെഹ്റു ട്രോഫി വള്ളംകളിയിൽ ഏറ്റവും കൂടുതൽ തവണ വിജയിച്ചത്.

(iii) 71-ാമത് നെഹ്റു ട്രോഫി വള്ളംകളിയാണ് 2025-ൽ നടന്നത്

(A) (i) മാത്രം ശരിയാണ്

(B) (iii) മാത്രം ശരി

(C) (ii) & (iii) ശരിയാണ്

(D) (i), (ii) & (iii) ശരിയാണ്

43. ഒരു നദിയും നേരിട്ട് വന്നുചേരാത്ത കേരളത്തിലെ കായൽ ഏതാണ്?

(A) കായംകുളം കായൽ

(B) ശാസ്താംകോട്ട തടാകം

(C) വേമ്പനാട്ടു കായൽ

(D) അഞ്ചുതെങ്ങ് കായൽ

44. 1972-ലെ ഇന്തോ-നോർവീജിയൻ ഫിഷറീസ് പ്രൊജക്റ്റ് കേരളത്തിലെ ഏത് തുറമുഖത്താണ് ആദ്യമായി നടപ്പിലാക്കിയത്?

(A) വിഴിഞ്ഞം

(B) മുനമ്പം

(C) നീണ്ടകര

(D) കായംകുളം

45. കേരളത്തിലെ ചുരങ്ങളുമായി ബന്ധപ്പെട്ട പ്രസ്താവനകളിൽ ശരിയായത് ഏതാണ്?

(i) താമരശ്ശേരി ചുരം - കോഴിക്കോട് ജില്ലയെ കർണ്ണാടകത്തിലെ മൈസൂരുമായി ബന്ധിപ്പിക്കുന്നു

(ii) നാടുകാണി ചുരം - നിലമ്പൂർ, ഗൂഡല്ലൂർ വഴി ഊട്ടിയിലേക്ക് നീങ്ങുന്ന പാത

(iii) കമ്പം ചുരം - തൊടുപുഴ, കട്ടപ്പന, നെടുങ്കണ്ടം പ്രദേശങ്ങളെ തമിഴ്നാട്ടിലെ കമ്പം, മധുര പ്രദേശങ്ങളുമായി ബന്ധിപ്പിക്കുന്നു

(A) (i) മാത്രം ശരി

(B) (ii) മാത്രം ശരി

(C) (i) & (ii) ശരിയാണ്

(D) എല്ലാം ശരിയാണ്

46. ഇടുക്കി ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന ഏതാണ്?

(A) കേരളത്തിലെ ആദ്യത്തെ ജലവൈദ്യുത പദ്ധതിയായിരുന്നു

(B) ഇടുക്കി, ചെറുതോണി, കുളമാവ് എന്നീ ഡാമുകൾ ഇടുക്കി ജലവൈദ്യുത പദ്ധതിയുമായി ബന്ധപ്പെട്ടതാണ്

(C) സ്വകാര്യ ആവശ്യത്തിനായി ആരംഭിച്ച പദ്ധതിയായിരുന്നു

(D) കേരളത്തിലെ രണ്ടാമത്തെ ജലവൈദ്യുത പദ്ധതിയാണിത്

47. താഴെ കൊടുത്തിരിക്കുന്നവയിൽ ഇടുക്കി ജില്ലയിൽ മാത്രം ഉൾപ്പെടുന്ന വന്യജീവി സങ്കേതങ്ങൾ ഏതൊക്കെ?

(i) ചിന്നാർ വന്യജീവി സങ്കേതം

(ii) ചിമ്മിണി വന്യജീവി സങ്കേതം

(iii) പെരിയാർ വന്യജീവി സങ്കേതം

(A) (i) മാത്രം

(B) (i) & (ii)

(C) (i) & (iii)

(D) (i) & (ii) & (iii)

48. താഴെ കൊടുത്തിട്ടുള്ളവയിൽ കേരളത്തിന്റെ അടിസ്ഥാന വിവരങ്ങളിൽ ശരിയായത് ഏതാണ്?

(i) തൃശ്ശൂർ ജില്ലയാണ് കൂടുതൽ ജില്ലകളുമായി അതിർത്തി പങ്കിടുന്നത്

(ii) വയനാട് - തമിഴ്നാട്, കർണ്ണാടക സംസ്ഥാനവുമായി അതിർത്തി പങ്കിടുന്നു

(iii) വയനാട് കർണ്ണാടകയുമായി മാത്രമാണ് അതിർത്തി പങ്കിടുന്നത്

(A) (i) മാത്രം ശരി

(B) (i) & (ii) ശരിയാണ്

(C) (i) & (iii) ശരിയാണ്

(D) (ii) മാത്രം ശരിയാണ്

49. താഴെ കൊടുത്തിട്ടുള്ളവയിൽ ഭാരതപ്പുഴ കേരളത്തിൽക്കൂടി ഒഴുകുന്ന ജില്ലകൾ :

(A) പാലക്കാട്, മലപ്പുറം, തൃശ്ശൂർ

(B) മലപ്പുറം, കോഴിക്കോട്

(C) കോഴിക്കോട്, മലപ്പുറം, തൃശ്ശൂർ

(D) പാലക്കാട്, തൃശ്ശൂർ

50. കേരളത്തിലെ ഏറ്റവും ചെറിയ ദേശീയോദ്യാനം ഏതാണ്?

(A) പാമ്പാടുംചോല

(B) ആനമുടിച്ചോല

(C) ഇരവികുളം

(D) മതികെട്ടാൻ ചോല

51. താഴെ തന്നിരിക്കുന്നവയിൽ ശ്രീനാരായണഗുരുവിനെ സംബന്ധിച്ച് ശരിയായ പ്രസ്താവന കണ്ടെത്തുക :

(i) ഒരു ജാതി ഒരു മതം ഒരു ദൈവം മനുഷ്യന് എന്ന ആപ്തവാക്യം

(ii) മതപരിവർത്തനരസവാദം എന്ന കൃതിയുടെ കർത്താവ്

(iii) കാവുപാട്ട് എന്ന ചടങ്ങ് പരിഷ്കരിച്ചു

(iv) അരുവിപ്പുറത്ത് ശിവപ്രതിഷ്ഠ നടത്തി

(A) (i), (ii) & (iii) ശരി

(B) (i), (iii) & (iv) ശരി

(C) (i), (ii) & (iv) ശരി

(D) എല്ലാം ശരി

52. കേരളത്തിൽ ആദ്യത്തെ മിശ്രഭോജന സംരംഭമായി ആരംഭിച്ച സാമൂഹ്യ സംഘടന :

(A) സഹോദര പ്രസ്ഥാനം
(B) ആത്മവിദ്യാ സംഘം
(C) സമത്വ സമാജം
(D) ശ്രീനാരായണ ധർമ്മ പരിപാലന യോഗം

53. 2026-ലെ ലോക പരിസ്ഥിതി ദിനത്തിന്റെ ആതിഥേയ രാജ്യം :

(A) തുർക്മെനിസ്താൻ
(B) കസാക്കിസ്ഥാൻ
(C) ഉസ്ബെക്കിസ്ഥാൻ
(D) അസർബൈജാൻ

54. ഗുരുവായൂർ സത്യാഗ്രഹത്തിന്റെ ഭാഗമായി പയ്യന്നൂരിൽ നിന്നും ഗുരുവായൂരിലേക്ക് നടത്തിയ കാൽനട സമര പ്രചരണ ജാഥയ്ക്ക് നേതൃത്വം നൽകിയ നേതാവ് :

(A) കെ. കേളപ്പൻ
(B) മന്നത്ത് പത്മനാഭൻ
(C) എ.കെ. ഗോപാലൻ
(D) പി. കൃഷ്ണപിള്ള

55. മലബാർ കലാപവുമായി ബന്ധപ്പെട്ട ശരിയായ പ്രസ്താവന കണ്ടെത്തുക :

(i) വാഗൺ ട്രാജഡി

(ii) ഖിലാഫത്ത് പ്രസ്ഥാനവുമായി ബന്ധപ്പെട്ട് നടന്ന പ്രക്ഷോഭം

(iii) കലാപത്തെ അടിച്ചമർത്താൻ മലബാർ സ്പെഷ്യൽ പോലീസ് രൂപീകരിച്ചു

(iv) നിസ്സഹകരണ പ്രസ്ഥാനത്തിന്റെ ഭാഗമായി നടന്ന കലാപം

(A) (i), (ii) & (iv) ശരി
(B) (i), (ii) & (iii) ശരി
(C) (i), (iii) & (iv) ശരി
(D) എല്ലാം ശരി

56. പണ്ഡിറ്റ് കെ. പി. കറുപ്പൻ സ്ഥാപിച്ച സമുദായ സംഘടന :

(A) യോഗക്ഷേമസഭ
(B) നായർ സർവ്വീസ് സൊസൈറ്റി
(C) വാലസമുദായ പരിഷ്കരണ സഭ
(D) സാധുജന പരിപാലന യോഗം

57. വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന അന്താരാഷ്ട്ര ലഹരി ശൃംഖലകളെയും അതിന്റെ കണ്ണികളെയും കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ ആഭ്യന്തര വകുപ്പും കേരളാ പോലീസും ആരംഭിച്ച ലഹരിവേട്ട :

(A) ഓപ്പറേഷൻ ഡി ഹണ്ട്

(B) ഓപ്പറേഷൻ തൂഫാൻ ദി നാർകോ ഹണ്ട്

(C) യോദ്ധാവ് പ്രൊജക്റ്റ്

(D) വിമുക്തി മിഷൻ

58. പൊയ്കയിൽ ശ്രീ കുമാരഗുരുദേവൻ ആരംഭിച്ച ആത്മീയ പ്രസ്ഥാനം :

(A) അരയസമാജം

(B) ജാതിവിരുദ്ധ പ്രസ്ഥാനം

(C) പ്രത്യക്ഷരക്ഷാ ദൈവസഭ

(D) ആത്മപോഷിണി സഭ

59. കേരളത്തിലാദ്യമായി പണിമുടക്ക് സമരം സംഘടിപ്പിച്ച സാമൂഹ്യ പരിഷ്കർത്താവ് :

(A) പണ്ഡിറ്റ് കറുപ്പൻ

(B) ചട്ടമ്പി സ്വാമികൾ

(C) അയ്യങ്കാളി

(D) വാഗ്ഭടാനന്ദൻ

60. വയലേരി കുഞ്ഞിക്കണ്ണൻ ഗുരുക്കൾക്ക് വാഗ്ഭടാനന്ദൻ എന്ന ബഹുമതിനാമം നൽകിയ സാമൂഹ്യപരിഷ്കർത്താവ് :

(A) മന്നത്ത് പദ്മനാഭൻ

(B) ബ്രഹ്മാനന്ദ ശിവയോഗി

(C) ചട്ടമ്പി സ്വാമികൾ

(D) വി.ടി. ഭട്ടതിരിപ്പാട്

61. 'അശ്വമേധം' പദ്ധതിയെക്കുറിച്ചുള്ള ശരിയായ പ്രസ്താവന ഏത്?

(A) ഭക്ഷ്യസുരക്ഷ ഉറപ്പാക്കൽ

(B) ഭിന്നശേഷി ക്ഷേമത്തിന്

(C) പകർച്ചവ്യാധി പ്രതിരോധം

(D) കുഷ്ഠരോഗ നിർമ്മാർജ്ജനം

62. സിംഹവാലൻ കുരങ്ങുകൾക്ക് പ്രസിദ്ധമായ ദേശീയോദ്യാനം :

(A) സൈലന്റ് വാലി
(B) ആനമുടിച്ചോല
(C) മതികെട്ടാൻ ചോല
(D) പാമ്പാടും ചോല

63. ഇന്ത്യയിലെ ഏറ്റവും വലിയ സസ്യശാസ്ത്ര ഉദ്യാനം സ്ഥിതിചെയ്യുന്നത് :

(A) പാലോട്
(B) ഡാർജിലിംഗ്
(C) കൊൽക്കത്ത
(D) ഊട്ടി

64. റേച്ചൽ കാഴ്സൺ രചിച്ച 'സൈലന്റ് സ്പ്രിംഗ്' എന്ന ഗ്രന്ഥത്തിന്റെ പ്രതിപാദ്യവിഷയം :

(A) ഡി.ഡി.ടി.
(B) ആഗോളതാപനം
(C) ഓസോൺ നാശനം
(D) മെർക്കുറി മലിനീകരണം

65. താഴെ കൊടുത്തിരിക്കുന്ന പ്രസ്താവനകളിൽ ലിംഫ് വ്യവസ്ഥയെക്കുറിച്ച് ശരിയല്ലാത്തത് ഏത്?

(A) സ്പ്ലീൻ, തൈമസ് ഗ്രന്ഥി എന്നിവ ഉൾപ്പെടുന്നു
(B) ചുവന്ന രക്താണുക്കൾ കാണപ്പെടുന്നില്ല
(C) വലിയ പ്രോട്ടീൻ തന്മാത്രകൾ കാണപ്പെടുന്നു
(D) രോഗ പ്രതിരോധത്തിൽ മുഖ്യ പങ്ക് വഹിക്കുന്നു

66. DNA-യിൽ ഉള്ളതും RNA-യിൽ ഇല്ലാത്തതുമായ നൈട്രജൻ ബേസ് ഏതാണ്?

(A) അഡിനിൻ
(B) തൈമിൻ
(C) ഗ്വാനിൻ
(D) സൈറ്റോസിൻ

67. നാവികരുടെ പ്ലേഗ് എന്നറിയപ്പെടുന്ന രോഗം ഏത് ജീവകത്തിന്റെ കുറവ് മൂലമാണ് ഉണ്ടാകുന്നത്?

(A) ജീവകം D
(B) ജീവകം A
(C) ജീവകം E
(D) ജീവകം C

68. പക്ഷിപ്പനിയ്ക്ക് കാരണമായ വൈറസ് :

(A) H1N3
(B) H5N1
(C) NH
(D) HN

69. ഷിക്ക് ടെസ്റ്റ് ഏത് രോഗനിർണ്ണയത്തിന് ഉപയോഗിക്കുന്നു?

(A) ഡിഫ്ത്തീരിയ
(B) ടെറ്റനസ്
(C) ഇൻഫ്ലുവൻസ
(D) കോളറ

70. 'ആനക്കൊമ്പൻ' ഏത് കാർഷിക വിളയുടെ ഇനമാണ്?

(A) പയർ
(B) വെണ്ട
(C) വെള്ളരി
(D) മരച്ചീനി

71. ഒരു കലോറി എത്ര ജൂൾ ആണ്?

(A) 100 ജൂൾ
(B) 3.6 ജൂൾ
(C) 4.2 ജൂൾ
(D) 2.5 ജൂൾ

72. പ്രവർത്തിയുടെ അതേ യൂണിറ്റ് ഉള്ള അളവ് ഏത്?

(A) പവർ
(B) ഊർജ്ജം
(C) ബലം
(D) സ്ഥാനാന്തരം

73. ക്യാൻസർ ചികിത്സയ്ക്ക് ഉപയോഗിക്കുന്ന ഐസോടോപ്പ് ഏത്?

(A) കോബാൾട്ട്-60
(B) യുറേനിയം-235
(C) സോഡിയം-24
(D) അയേൺ-59

74. അടിസ്ഥാന യൂണിറ്റുകളായ മീറ്റർ, കിലോഗ്രാം, സെക്കന്റ് എന്നിവ ഉപയോഗിച്ച് പവറിന്റെ യൂണിറ്റ് എഴുതിയാൽ ശരിയായത് ഏത്?

(A) $kg\ m^2/s^3$
(B) $kg\ m/s$
(C) $kg\ m/s^2$
(D) $kg\ m^2/s$

75. ധാതുക്കളെയും അയിരുകളെയും സംബന്ധിച്ച് താഴെ കൊടുത്ത പ്രസ്താവനകളിൽ ശരിയായത് ഏത്?

(A) എല്ലാ ധാതുക്കളും അയിരുകളാണ് എന്നാൽ എല്ലാ അയിരുകളും ധാതുക്കളല്ല
(B) എല്ലാ അയിരുകളും ധാതുക്കളാണ് എന്നാൽ എല്ലാ ധാതുക്കളും അയിരുകളല്ല
(C) ധാതുക്കളും അയിരുകളും ഒന്നു തന്നെയാണ്
(D) അയിരുകളിൽ ലോഹങ്ങൾ അടങ്ങിയിട്ടില്ല, എന്നാൽ ധാതുക്കളിൽ ലോഹങ്ങളുണ്ട്

76. സിങ്ക് ലോഹവും നേർപ്പിച്ച ഹൈഡ്രോക്ലോറിക് ആസിഡും തമ്മിൽ പ്രവർത്തിപ്പിച്ചാൽ പുറത്തേക്കു വരുന്ന വാതകം ഏത്?

(A) ഓക്സിജൻ
(B) ഹൈഡ്രജൻ
(C) ക്ലോറിൻ
(D) കാർബൺ ഡയോക്സൈഡ്

77. ശുദ്ധജലത്തിന് പരമാവധി സാന്ദ്രത ലഭിക്കുന്നത് ഏത് ഊഷ്മാവിൽ ആണ്?

(A) 0 °C
(B) 2 °C
(C) 4 °C
(D) 100 °C

78. ഒരാറ്റത്തിന്റെ മൂന്നാമത്തെ ഓർബിറ്റിൽ ഉൾക്കൊള്ളാവുന്ന പരമാവധി ഇലക്ട്രോൺ എത്ര?

(A) 10
(B) 3
(C) 18
(D) 9

79. ഒരു വസ്തുവിന്റെ സ്വാഭാവിക ആവൃത്തിയെ സ്വാധീനിക്കാത്ത ഘടകമേത്?

(A) വസ്തുവിന്റെ നീളം
(B) വസ്തുവിന്റെ വലുപ്പം
(C) വസ്തുവിന്റെ ഇലാസ്റ്റികത
(D) വസ്തുവിന്റെ നിറം

80. പ്രകാശം ഒരു പ്രതലത്തിൽ പതിക്കുമ്പോൾ പതനകോണും പ്രതിഫലനകോണും തുല്യമാകുന്നത് എപ്പോൾ?

(A) എപ്പോഴും തുല്യമാണ്
(B) ചിലപ്പോൾ തുല്യമാണ്
(C) ഒരിക്കലും തുല്യമല്ല
(D) പ്രത്യേക സാഹചര്യങ്ങളിൽ തുല്യമാകുന്നു

81. 500 രൂപയ്ക്ക് വാങ്ങിയ ഒരു സാധനം 550 രൂപയ്ക്ക് വിറ്റാൽ ലാഭശതമാനം എത്ര?

(A) 20
(B) 50
(C) 100
(D) 10

82. $\frac{2}{7}$ ന്റെയും $\frac{1}{4}$ ന്റെയും തുക എത്ര?

(A) $\frac{15}{28}$
(B) $\frac{3}{28}$
(C) $\frac{3}{11}$
(D) $\frac{9}{28}$

83. നാല് വ്യക്തികളുടെ ശരാശരി പ്രായം 40 ആണ്. പുതിയ ഒരാൾ കൂടി വന്നപ്പോൾ ശരാശരി പ്രായം 45 ആയി വർദ്ധിച്ചു. എങ്കിൽ പുതിയതായി വന്നയാളുടെ പ്രായം എത്ര?

(A) 45
(B) 5
(C) 65
(D) 60

84. 60 നും 70 നും ഇടയിലുള്ള അഭാജ്യസംഖ്യകളുടെ തുക എത്ര?

(A) 10
(B) 61
(C) 130
(D) 128

85. എണ്ണൽ സംഖ്യകളിൽ ആദ്യത്തെ 10 ഇരട്ടസംഖ്യകളുടെ തുക എത്ര?

(A) 130
(B) 115
(C) 125
(D) 110

86. 24, 60 എന്നീ സംഖ്യകളുടെ ലസാഗു എത്ര?

(A) 60
(B) 120
(C) 12
(D) 24

87. $0.061 \times 1.3$ എത്ര?

(A) 0.793
(B) 0.0793
(C) 79.3
(D) 7.93

88. വർഗ്ഗവും വർഗ്ഗമൂലവും തുല്യമായി വരുന്ന എണ്ണൽ സംഖ്യ ഏത്?

(A) 25
(B) 10
(C) 1
(D) 2

89. ആദ്യത്തെ അഞ്ച് അഖണ്ഡസംഖ്യകളുടെ ഗുണനഫലം എന്ത്?

(A) 5
(B) –1
(C) 1
(D) 0

90. ഒരു കാർ 2 മണിക്കൂർ കൊണ്ട് 120 കിലോമീറ്റർ സഞ്ചരിച്ചാൽ അതിന്റെ വേഗത എത്ര?

(A) 120 കി.മീ./മണിക്കൂർ
(B) 100 കി.മീ./മണിക്കൂർ
(C) 60 കി.മീ./മണിക്കൂർ
(D) 2 കി.മീ./മണിക്കൂർ

91. ഒരു വാച്ച് 20% നഷ്ടത്തിൽ 400 രൂപയ്ക്ക് വിറ്റു. എന്നാൽ വാങ്ങിയ വില എത്ര?

(A) 450 (B) 600
(C) 800 (D) 500

92. 8, 11, 14, 17, 20, .... എന്ന സമാന്തരശ്രേണിയിലെ ആദ്യത്തെ 20 പദങ്ങളുടെ തുക എത്ര?

(A) 800 (B) 710
(C) 730 (D) 700

93. ഒരു സംഖ്യയോട് 3 കൂട്ടിയതിന്റെ വർഗ്ഗം 64 ആയാൽ സംഖ്യ ഏത്?

(A) 6 (B) 7
(C) 5 (D) 12

94. ഒരു ക്ലാസ്സിലെ 30 കുട്ടികളുടെ ശരാശരി ഭാരം 35 കി.ഗ്രാം ആണ്. ടീച്ചറേയും ഉൾപ്പെടുത്തിയപ്പോൾ ശരാശരി ഭാരം 36 കി.ഗ്രാം ആയാൽ ടീച്ചറുടെ ഭാരം എത്ര?

(A) 50 (B) 60
(C) 66 (D) 45

95. 2, 6, 12, 20, 30, _____ എന്ന ശ്രേണിയിലെ അടുത്ത പദം എത്രയാണ്?

(A) 38 (B) 42
(C) 44 (D) 40

96. ഒരു സംഖ്യയുടെ $\frac{2}{3}$ ഭാഗം 80 ആണെങ്കിൽ സംഖ്യ ഏത്?

(A) 100 (B) 150
(C) 120 (D) 130

97. $15 \times 6 + 120 \div 4 - 50 =$

(A) 80 (B) 20
(C) 50 (D) 70

98. $2^{10}$ നോട് എത്ര കൂട്ടിയാൽ $2^{11}$ കിട്ടും?

(A) $2^0$ (B) $2^{10}$
(C) $2^1$ (D) $2^{11}$

99. അച്ഛന്റെയും മകന്റെയും ഇപ്പോഴത്തെ വയസ്സുകൾ തമ്മിലുള്ള അനുപാതം 5 : 1 ആണ്. 4 വർഷം കഴിഞ്ഞ് ഇത് 4 : 1 ആകുന്നുവെങ്കിൽ അച്ഛന്റെ ഇപ്പോഴത്തെ വയസ്സ് എത്ര?

(A) 60 (B) 50
(C) 40 (D) 65

100. താഴെ തന്നിരിക്കുന്നവയിൽ ഒറ്റയാനെ കണ്ടെത്തുക :
25, 9, 16, 42, 49, 64

(A) 25 (B) 9
(C) 42 (D) 49